പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ അസംബ്ളി നിയോജക മണ്ഡലത്തിലും സഹകരണസംഘങ്ങൾ/ബാങ്കുകളുടെ നേതൃത്വത്തിൽ ഓരോ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക ആനുകൂല്യങ്ങൾ നൽകുവാനുള്ള പദ്ധതികൾ ഒന്നും തന്നെ പരിഗണനയിൽ ഇല്ല.

(ബി) ഈ പദ്ധതി പ്രകാരം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന കൊളീജിയറ്റ് എജ്യൂക്കേഷണൽ ഡയറക്ടർമാർക്കാണ് നൽകേണ്ടത്. ഇതിലേയ്ക്കായി സർക്കാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, കൊളീജിയറ്റ് എജ്യൂക്കേഷണൽ ഡയറക്ടറേറ്റ് (കോളേജ് വിദ്യാഭ്യാസ വകുപ്പ്) എന്നിവർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. സഹകരണ വകുപ്പ് തലത്തിൽ ആവശ്യമായിട്ടുള്ള ഭരണാനുമതിക്ക് അതാത് ജില്ലകളിലെ സഹകരണ വകുപ്പ് അധികാരികൾ മുഖേന അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

കേപ്പിന് കീഴിൽ ലോ കോളേജ്

31 (4086) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേപ്പിന് കീഴിൽ പുന്നപ്രയിൽ ഒരു സഹകരണ ലോ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിഗണിക്കാവുന്നതാണ്.

കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

32 (4087) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 'കേപ്പിന്റെ' ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുന്നതിനായി എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് നമ്പർ 4460 എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്ത 31-5-2008-ന് പ്രവർത്തനമാരംഭിച്ചു. കൂടാതെ കുറ്റ്യാടി എജ്യുക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി. 2894 എന്ന സഹകരണസംഘവും പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് സംഘങ്ങളിലും കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് എഴുതിത്തള്ളിയ ഐ.ആർ.ഡി.പി. വായ്പ

33 (4088) ശ്രീ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ആരുടെയൊക്കെ ഐ.ആർ.ഡി.പി. വായ്പയാണ് എഴുതിത്തള്ളിയത് ;

(ബി) ഇവരുടെ പൂർണ്ണമായ മേൽവിലാസവും എത്ര തുക വീതമാണ് എഴുതിത്തള്ളിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ശ്രീമതി റംലയുടെ പേരിലുള്ള ഐ.ആർ.ഡി.പി വായ്പയാണ് എഴുതി തള്ളിയത്.

(ബി) ശ്രീമതി റംല, W/o. മുഹമ്മദ് അലി, കുരിപ്പറമ്പിൽ, പൈങ്ങ് കണ്ണൂർ, കുറ്റിപ്പുറം. പി. ഒ.

തുക 6400 രൂപ (ആറായിരത്തി നാന്നൂറ് രൂപ മാത്രം)

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ ഇളവ് ലഭിച്ചവർ

34 (4089) ശ്രീ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പലിശ, പിഴപ്പലിശ ഇനങ്ങളിൽ ഇളവ് നൽകിയവരുടെ പേരും മുഴുവൻ മേൽവിലാസവും ഓരോരുത്തർക്കും നൽകിയ ഇളവ് തുക എത്രയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly